# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4044 — 03.02.2014 ൽ മറുപടിക്ക്

### ക്ഷയരോഗം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരുന്നിനേയും അതിജീവിക്കുന്ന ക്ഷയരോഗം കേരളത്തിൽ വ്യാപകമാവുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വ്യാപനം തടയുന്നതിനായി എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ആദ്യനിര ടി.ബി മരുന്നുകളെ അതിജീവിക്കുന്ന ക്ഷയരോഗം കണ്ടുപിടിക്കുവാനുള്ള നൂതന സംവിധാനം കേരളത്തിൽ നല്ലതായി പ്രവർത്തിക്കുന്നതു കാരണം സമൂഹത്തിലുള്ള പ്രസ്തുത ക്ഷയരോഗികളെ കണ്ടെത്തുവാൻ സാധിക്കുന്നു. മറിച്ച് പ്രസ്തുത ക്ഷയരോഗം വ്യാപകമാകുന്നതായി കാണുന്നില്ല. ക്ഷയരോഗമുള്ളവരെക്കൊണ്ട് കൃത്യമായി 6 മുതൽ 8 മാസം വരെ ഡോട്സ് ചികിത്സ എടുപ്പിക്കുകയെന്നതാണ് മരുന്നിനെ അതിജീവിക്കുന്ന ക്ഷയരോഗം വരാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനം.<br><br>താരതമ്യേന അപകടകാരിയായ ഇത്തരം ക്ഷയരോഗം വന്നുകഴിഞ്ഞാൽ രണ്ടാംനിര മരുന്നുകളുപയോഗിച്ച് രണ്ടു വർഷം വരെ ചികിത്സിക്കേണ്ടതായി വരും. പ്രസ്തുത വ്യക്തി ചികിത്സ എടുക്കുവാൻ വിസമ്മതിക്കുകയോ മുടക്കിമുടക്കി ചികിത്സ എടുക്കുകയോ ചെയ്യുമ്പോഴാണ് മറ്റൊരാളിൽ ഇത് പകരുന്നത്. മരുന്നിനെ അതിജീവിക്കുന്ന ക്ഷയരോഗം വരാതിരിക്കുവാനുള്ള പ്രധാനമാർഗ്ഗം ക്ഷയരോഗം പിടിപെടുന്ന രോഗിയെ പൂർണ്ണമായും മുടക്കം കൂടാതെ ഡോട്സ് ചികിത്സ എടുപ്പിക്കുകയെന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | എത്ര കേസ്സുകൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട് ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2013-ാമാണ്ടിൽ കേരളത്തിൽ ആകെ 222 പേർക്കാണ് ഇത്തരത്തിലുള്ള രോഗമുള്ളതായി കണ്ടെത്തിയിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| നം. | ജില്ല | 2013 |
|---|---|---|
| 1 | തിരുവനന്തപുരം | 20 |
| 2 | കൊല്ലം | 11 |
| 3 | ആലപ്പുഴ | 13 |
| 4 | പത്തനംതിട്ട | 8 |
| 5 | കോട്ടയം | 18 |
| 6 | ഇടുക്കി | 9 |
| 7 | എറണാകുളം | 32 |
| 8 | തൃശ്ശൂർ | 19 |
| 9 | പാലക്കാട് | 21 |
| 10 | മലപ്പുറം | 11 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 22 |
| 14 | കാസർകോഡ് | 15 |
| | **ആകെ** | **222** |

സെക്ഷൻ ഓഫീസർ